# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 31.01.2024 മുതൽ 04.02.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 05/2024, (9) ചൊവ്വാഴ്ച | തീയ്യതി 30/01/2024 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജനുവരി 24 മുതൽ 2024 ജനുവരി 30 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ജനുവരി 31 മുതൽ ഫെബ്രുവരി 04 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 24/01 | 25/01 | 26/01 | 27/01 | 28/01 | 29/01 | 30/01 | തീയ്യതി | 31/01 | 01/02 | 02/02 | 03/02 | 04/02 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0 | 0 | 0 | 0 | 0 |
| 33.9 | 34.5 | 33.8 | 33.9 | 33.0 | 33.6 | 33.3 | ഉയർന്ന താപനില (°C) | 34 | 34 | 35 | 35 | 35 |
| 22.0 | 20.9 | 23.0 | 21.8 | 23.0 | 21.9 | 22.0 | കുറഞ്ഞ താപനില (°C) | 22 | 22 | 25 | 25 | 25 |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | AM Cloudy | Clear | Clear | Partially cloudy | Partially cloudy | Partially cloudy |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | | PM | | | | | |
| 74 | 96 | 71 | 67 | 71 | 72 | 72 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 75 |
| 47 | 46 | 33 | 39 | 39 | 46 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 31 | 31 | 31 | 31 | 40 |
| 4.9 | 2.5 | 3.7 | 7.4 | 6.1 | 6.5 | 6.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 3 | 2 |
| NNE | C | ENE | E | NNE | ENE | NNE | AM SW | W | W | WNW | W | W |
| C | NE | ENE | NE | NNE | NNE | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/01/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 124.1 | 124.1 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കുക. വാഴക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) മൂപ്പെത്തിയ പരുവം | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ഒരു ഏക്കർ പാടശേഖരത്തിന് 2 CC ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ച് പാടത്തിന്റെ പലഭാഗത്ത് കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 മില്ലി ടെട്രാനിലിപ്രോൾ അല്ലെങ്കിൽ 6 മില്ലി ഐസോസൈക്ലോസെറാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ പയർ | കായ്തുരപ്പൻ പുഴു | പയറിൽ കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളുബെന്റാമൈഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കാവുന്നതാണ്. |
| കുരുമുളക് | സാവധാന വാട്ടം | വരണ്ട അന്തരീക്ഷാവസ്ഥയിൽ കുരുമുളകിൽ കാണുന്ന സാവധാന വാട്ട രോഗത്തെ നിയന്ത്രിക്കുന്നതിനായി മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |

മൃഗസംരക്ഷണം:- തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തു 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ. അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്.(CAADECCS KVASU, Mannuthy)